**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3569** — **14-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീമതി.ഉമ തോമസ്** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | 2022-ൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൃത്യ സമയത്ത് ശമ്പളം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | **2022 ജനുവരി മാസം മുതൽ കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം ഒരു നിശ്ചിത തീയതിക്കുള്ളിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. കോവിഡിനുശേഷം പടിപടിയായി പരമാവധി ബസ്സുകൾ നിരത്തിലിറക്കിയും, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയും പ്രതിദിന വരുമാനം ശരാശരി 6 കോടി രൂപയിലെത്തിച്ചെങ്കിലും, 2022 ജനുവരി മാസം മുതൽ ജീവനക്കാരുടെ മുടങ്ങിക്കിടന്നിരുന്ന ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതുമൂലമുള്ള അധിക ബാധ്യതയും, ഡീസൽ വിലയിലെ അനിയന്ത്രിത വില വർദ്ധനവ് സൃഷ്ടിക്കുന്ന അധിക ചെലവും, പ്രതിദിന കൺസോർഷ്യം വായ്പയുടെ തിരിച്ചടവും, നിമിത്തം ദൈനംദിന വരുമാനത്തിൽ നിന്നും ശമ്പള വിതരണത്തിനായി തുകയൊന്നും മിച്ചം പിടിക്കാൻ കഴിയാത്തതിനാലാണ് നിശ്ചിത ദിവസംതന്നെ ശമ്പള വിതരണം നടത്താൻ കഴിയാത്തത്.** |
| (ബി) | കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിനും എന്തെല്ലാം നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കോവിഡ് മഹാമാരിക്കുശേഷം കെ.എസ്. ആർ.ടി.സി. പരമാവധി ബസ്സുകൾ നിരത്തിലിറക്കിയും വിവിധ നൂതന പദ്ധതികളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും, പ്രതിദിന വരുമാനം 6 കോടി രൂപയിൽ എത്തിച്ചിട്ടുണ്ട്. എന്നാൽ ഡീസൽ വിലയിലെ അനിയന്ത്രിത വിലക്കയറ്റം, ബൾക്ക് പർച്ചെയ്സർ വിഭാഗത്തിന് നൽകിയിരുന്ന ആനുകൂല്യങ്ങൾ ഇന്ധന കമ്പനികൾ നിഷേധിച്ചതുമൂലമുണ്ടായ അധിക ബാധ്യത, ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്ക്കരണം, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നിവ നിമിത്തം വരുമാനത്തെക്കാൾ ചെലവേറി വരുന്ന സാഹചര്യത്തിൽ എല്ലാ മാസവും |

സമയബന്ധിതമായി ജീവനക്കാർക്ക് ശമ്പളം വിതരണം ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ടി സ്ഥിതി തരണം ചെയ്യുന്നതിനായി സർക്കാർ സാമ്പത്തിക സഹായത്തിനു പുറമെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും ഓവർഡ്രാഫ്റ്റ് വായ്പ കൂടി ലഭ്യമാക്കി അധിക കാലതാമസം കൂടാതെ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നുണ്ട്. ഡോക്കിലുള്ള ബസ്സുകൾ കൂടി നിരത്തിലിറക്കിയും, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഗുണഫലത്താൽ വരുമാനം വർദ്ധിക്കുന്ന മുറക്ക് ജീവനക്കാരുടെ ശമ്പളം സമയബന്ധിതമായി തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിനായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു.

പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നു വരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രെഡ് ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചു വരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാവുകയും തദ്വാര ബസ് ഇ.പി.കെ.എം വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്യുന്നതാണ്. സാങ്കേതിക വിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടേയും ട്രിപ്പ് വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുക പോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തുവാൻ കഴിഞ്ഞു.

ഇത്തരത്തിൽ സമഗ്രഹമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സ്ഥല സൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമും ഉള്ള ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിയ്ക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറക്കുവാനും ചെലവ് കുറയ്ക്കുന്നതിനും കഴിഞ്ഞു.

കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്. ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കി ലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായ രീതി യിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷനിലൂടെ ലഭ്യമാകുന്ന വരുമാനം കോർപ്പറേഷന്റെ ചെലവുകൾക്ക് തികയാത്ത സാഹചര്യത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി സംജാതമാകുകയും തൻമൂലം ജീവനക്കാർക്ക് കൃത്യമായും ശമ്പളം നൽകുവാൻ കഴിയാത്ത സ്ഥിതി വിശേഷം ഉടലെടുക്കുകയും, ടി സാഹചര്യത്തിൽ സർവീസ് ഓപ്പറേഷനിലൂടെ ലഭ്യമാകുന്ന വരുമാനത്തിനുപരിയായി ലഭ്യമായികൊണ്ടിരുന്ന സർവീസിതര വരുമാനം വർദ്ധിപ്പിക്കുവാൻ തീരുമാനിക്കുകയും ആയതിലേക്ക് കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ചെയ്തു. സർക്കാരിന്റെ വിവിധ വകുപ്പുകളിലെ വിവിധ പദ്ധതികളുടേയും, സ്വകാര്യ സ്ഥാപനങ്ങളുടെയും പരസ്യങ്ങൾ ബസുകളിൽ പതിപ്പിക്കുന്ന പ്രവൃത്തി ത്വരിതപ്പെടുത്തുകയും കൂടാതെ സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾക്ക് ബസുകൾ വാടകയ്ക്ക് അനുവദിക്കുന്ന പ്രവൃത്തികളും ചെയ്ത് സർവീസിതര

| | | | |
|---|---|---|---|
| | | | വരുമാനം ലഭ്യമാക്കി കോർപ്പറേഷന് മുതൽക്കൂട്ടാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ